പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.863 06.06.2018 -ലെ മറുപടിക്ക്

**പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം (എസ്. സി.) പദ്ധതിയിൽ ഉൾപ്പെടുത്തിയ മാടക്കാംപൊയിൽ, കാരന്താട്, അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം (എസ്. ടി.), പട്ടുത്തുവയൽ, എയ്യൻകല്ല് എന്നിവിടങ്ങളിലെ പ്രവൃത്തി ഏത് വരെ ആയെന്ന് വിശദമാക്കാമോ; | (എ) | അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ മാടക്കാംപൊയിൽ, കാരന്താട് അംബേദ്കർ സെറ്റിൽമെന്റ് കോളനികളിൽ ഗുണഭോക്താക്കളുടെ യോഗം ചേരുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>അംബേദ്ക്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി (എസ്.ടി) പദ്ധതിയിൽ ഉൾപ്പെട്ട പട്ടുത്തുവയൽ, എയ്യൻകല്ല് എന്നീ കോളനികളുടെ ഡി.പി.ആർ നിർവ്വഹണ ഏജൻസി തയ്യാറാക്കി കണ്ണൂർ സംയോജിത പട്ടികവർഗ്ഗ ജില്ലാ ഓഫീസിൽ തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണ് നൽകിയെതെന്ന് അറിയിക്കുമോ; | (ബി) | മാടക്കാംപൊയിൽ, കാരന്താട് അംബേദ്കർ സെറ്റിൽമെന്റ് കോളനികളുടെ നിർമ്മാണ ചുമതല ജില്ലാ നിർമ്മിതി കേന്ദ്രത്തിനും, പട്ടുത്തുവയൽ, എയ്യൻകല്ല് സെറ്റിൽമെന്റ് കോളനികളുടെ നിർമ്മാണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജീസി (തിരുവനന്തപുരം) നുമാണ്. |
| (സി) | പ്രവൃത്തി പൂർത്തീകരിക്കാൻ കാലാവധി ഉണ്ടോ; ഉണ്ടെങ്കിൽ കാലാവധി എപ്പോഴാണ് കഴിയുന്നതെന്ന് വെളിപ്പെടുത്തുമോ ? | (സി) | ഉണ്ട്. അഡ്വാൻസ് തുക അനുവദിച്ച് 6 മാസത്തിനുള്ളിലോ/ എഗ്രിമെന്റ് ഒപ്പ് വച്ച് നിർദ്ദിഷ്ട സൈറ്റ് ഏറ്റെടുക്കുന്നത് മുതൽ 6 മാസത്തിനുള്ളിലോ യഥാക്രമം പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ